**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **3349** 23.06.2014-ൽ മറുപടിക്ക്

**സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സാജു പോൾ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) വകുപ്പുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് സിവിൽ സർവ്വീസ് മേഖലയിൽ എന്തെങ്കിലും പരിഷ്കാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) യും (സി) യും (ഡി) യും സിവിൽ സെർവന്റ്സിന്റെ ട്രാൻസ്ഫർ, നിയമനം, അച്ചടക്ക നടപടി തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനായി ഒരു സിവിൽ സർവ്വീസ് ബോർഡ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ രൂപീകരിക്കണമെന്ന് ബഹു. സുപ്രീംകോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.എ.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്കുവേണ്ടി 05.05.2014-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ. 107/14/പൊ.ഭ.വ. പ്രകാരം സിവിൽ സർവ്വീസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഒരു സിവിൽ സർവ്വീസ് ബോർഡ് സംസ്ഥാന സർവ്വീസിലെ ഗസറ്റഡ് ഉദ്യോഗസ്ഥർക്കുവേണ്ടി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. സംസ്ഥാന സിവിൽ |
| (സി) സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം പരിഗണനയിലുണ്ടോ ; എങ്കിൽ ആയതിന്റെ ഘടന വിശദമാക്കുമോ ; രൂപീകരണത്തിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ; | |
| (ഡി) ഇതു സംബന്ധിച്ച് പഠനം നടത്താൻ രൂപീകരിച്ച കമ്മിറ്റി എത്ര തവണ യോഗം ചേർന്നു ; അതിലെ അംഗങ്ങൾ ആരൊക്കെ ; കമ്മിറ്റിയുടെ പ്രവർത്തനം വിശദമാക്കുമോ ? | |

സർവ്വീസ് കേഡറിൽ പുതിയ വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ രൂപീകരണത്തിന്റെ സാധ്യതാപഠനത്തിനായി ഒരു കമ്മിറ്റി 24.09.2013-ലെ സ.ഉ.(സാധാ.) നമ്പർ. 7725/13/പൊ.ഭ.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മറ്റിയിൽ ചീഫ് സെക്രട്ടറി ചെയർമാനും അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), അഡീഷണൽ ചീഫ് സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്), സെക്രട്ടറി (പൊതുഭരണ വകുപ്പ്) എന്നിവർ അംഗങ്ങളുമാണ്. പ്രസ്തുത കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ